ഉത്തരം

(എ) നാവായിക്കുളം പഞ്ചായത്തിലേക്ക് മാത്രമായി ചെല വാക്കിയ തുക ലഭ്യമല്ല. എന്നാൽ നാവായിക്കുളം പഞ്ചായത്തുകൂടി ഉൾപ്പെടുന്ന പള്ളിക്കൽ കൃഷിവികസന യൂണിറ്റിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ കേര കൃഷി വികസനത്തിനായി ഇതേവരെ (1986-87-ൽ) 37,000 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) നാവായിക്കുളം പഞ്ചായത്തുകൂടി ഉൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന യൂണിറ്റിന് ഈ സാമ്പത്തിക വർഷം 43,000 രൂപ നീക്കിവച്ചിട്ടുണ്ട്.

കേര കൃഷി വികസനത്തിനുവേണ്ടി പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1942 [3014] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി 1986-87-ൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്ക് നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) പഴയകുന്നുമ്മേൽ പഞ്ചായത്തിൽ മാത്രം ചെലവാക്കിയ തുകയുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ കിളിമാനൂർ കൃഷി വികസന ഓഫീസിന്റെ പരിധിയിൽപ്പെടുന്ന പഴയകുന്നുമ്മേൽ, പുളിമാത്ത്, കിളിമാനൂർ, നഗരൂർ എന്നീ പഞ്ചായത്തുകളിലേക്കായി കിളിമാനൂർ കൃഷി വികസന ഓഫീസ് മുഖേന ഇതേവരെ 57,711 രൂപ കേര വികസനത്തിനു ചെലവാക്കിയിട്ടുണ്ട്.

(ബി) പഴയകുന്നുമ്മേൽ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന കിളിമാനൂർ കൃഷി വികസന യൂണിറ്റിനു വേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ 67,711 രൂപ നീക്കിവച്ചിട്ടുണ്ട്.

കേര കൃഷി വികസനത്തിനു പുളിമാത്തു പഞ്ചായത്തിൽ ചെലവഴിച്ച തുക

1943 [3015] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87-ൽ കേര കൃഷി വികസനത്തിനുവേണ്ടി പുളിമാത്തു പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്കു നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) പുളിമാത്തു പഞ്ചായത്തിലേക്കു മാത്രമായി ചെലവാക്കിയ തുകയുടെ പ്രത്യേകം കണക്കുകൾ ലഭ്യമല്ല. എന്നാൽ പുളിമാത്ത് പഞ്ചായത്ത് ഉൾപ്പെടുന്ന കിളിമാനൂർ കൃഷി വികസന ഓഫീസ് മുഖേന ഇതേവരെ 57,711 രൂപ കേര വികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിലേക്കു നടപ്പു സാമ്പത്തിക വർഷത്തിൽ 67,711 രൂപ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly